"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം നേമം വി.ജി.എച്ച്.എസ്.എസ്.ലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2581/2024/GEDN തീയതി, തിരുവനന്തപുരം, 05-04-2024**

---

പരാമർശം:-
1. തിരുവനന്തപുരം നേമം വി.ജി.എച്ച്.എസ്.എസ്.ലെ മാനേജരുടെ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/02/2024-ലെ ഡിജിഇ/20462/2023-ഇറ്റി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിലുള്ള നേമം വി.ജി.എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. അധ്യാപകൻ ശ്രീ.അനിൽ കുമാർ എം.വി.യെ 15/07/2021 മുതൽ നേമം വി.വി.എച്ച്.എസ്.എസ്.ലേക്ക് എച്ച്.എസ്.റ്റി. ഗണിതമായി പ്രമോഷൻ നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിൽ 15/07/2021-ന് ശ്രീമതി രചന ആർ.യു.നായരെ യു.പി.എസ്.റ്റി. ആയി നിയമിച്ചു. ടിയാരി നിയമനത്തീയതിയായ 15/07/2021-ന് കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ നിയമനം നിരസിച്ചു, ഇതിനെ തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. നിയമനത്തീയതിയിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ ഡയറക്ടറും അപ്പീൽ നിരസിച്ചു. തുടർന്ന് മാനേജർ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചു.

**2.** ശ്രീമതി രചന യു.ആർ.നായരുടെ യു.പി.എസ്.ടി. നിയമനം ടിയാരി KTET യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. കെ-ടെറ്റ് (മൂന്ന്) യോഗ്യത നേടിയ തീയതി മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചുകൊണ്ട് അപേക്ഷ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ല എന്നും, ഇനി സമർപ്പിക്കുകയാണെങ്കിൽ കാലതാമസം മാപ്പാക്കി സമർപ്പിക്കേണ്ടി വരും എന്നും, സർക്കാർ അനുമതി നൽകുകയാണെങ്കിൽ കെ-ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ യു.പി.എസ്.റ്റി. ആയിട്ടുള്ള നിയമനം പരിഗണിക്കാവുന്നതാണ് എന്നും, ശ്രീ.അനിൽകുമാർ എം.വി.യുടെ പ്രമോഷൻ നിയമനം അംഗീകരിച്ചതിനാൽ തസ്തിക വ്യവസ്ഥാപിതമാണ് എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചതായി പരാമർശം (2) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി രചന ആർ.യു.നായർ കെ-ടെറ്റ്

യോഗ്യത നേടിയത് 01/02/2023 തീയതിയിലാണ്. 2020-നു ശേഷം കെ-ടെറ്റ് യോഗ്യതയുള്ളവരെ മാത്രമേ അധ്യാപക തസ്തികകളിൽ നിയമിക്കാവൂ എന്നിരിക്കെ, കെ-ടെറ്റ് യോഗ്യത നേടാത്ത ശ്രീമതി രചനയെ 15.07.2021 മുതൽ നിയമിച്ച മാനേജരുടെ നടപടി ശരിയല്ല. എന്നിരുന്നാലും, നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയതിനാൽ, ടി സ്കൂളിൽ ടിയാരിയെക്കാളും സീനിയറായ ആരും തന്നെ നിയമനാംഗീകാരം ഇല്ലാതെ തുടരുന്നില്ല എന്നത് ഉറപ്പ് വരുത്തി, മറ്റ് വിധത്തിൽ യോഗ്യയെങ്കിൽ ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി, കെ-ടെറ്റ് (മൂന്ന്) യോഗ്യത നേടിയ തീയതി മുതൽ പുതിയ നിയമനം എന്ന നിലയ്ക്ക് ടിയാരിയുടെ നിയമനത്തിന് അംഗീകാരം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

മാനേജർ, വി.ജി.എച്ച്.എസ്.എസ്., നേമം, തിരുവനന്തപുരം-695 020.
ശ്രീമതി രചന ആർ.യു.നായർ, യു.പി.എസ്.റ്റി, വി.ജി.എച്ച്.എസ്.എസ്, നേമം, തിരുവനന്തപുരം-695 020.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anil Kumar P
Date: 05-04-2024 19:12:28
സെക്ഷൻ ഓഫീസർ